**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 372** **09-08-2021 - ൽ മറുപടിയ്ക്ക്**

**റോഡപകടങ്ങൾ ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. നജീബ് കാന്തപുരം,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | റോഡ് നിർമ്മാണത്തിലെ അശാസ്ത്രീയത സംസ്ഥാനത്ത് റോഡപകടങ്ങൾക്ക് കാരണമാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിന്റെ അധീനതയിലുള്ള ഭൂരിഭാഗം റോഡുകളും പണ്ട് ഇടവഴികളും നടപ്പാതകളും ചെറിയ റോഡുകളും ആയിരുന്നവയാണ്. ഘട്ടംഘട്ടമായി ഭൂരിഭാഗം റോഡുകളേയും സ്ഥല ലഭ്യതയനുസരിച്ച് വീതി കൂട്ടി നവീകരിച്ചു വരികയാണെങ്കിലും ശാസ്ത്രീയമായി ഡിസൈൻ ചെയ്തല്ല നിർമ്മിച്ചിട്ടുള്ളത്. എന്നാൽ കേരള സ്റ്റേറ്റ് ട്രാൻസ്പോർട് പ്രൊജക്റ്റ് (KSTP), കേരള റോഡ് ഫണ്ട് ബോർഡ് (KRFB), കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്(KIIFB) തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന റോഡുകൾ സ്ഥല ലഭ്യതയനുസരിച്ചോ/സ്ഥലം ഏറ്റെടുത്തോ മണ്ണ് പരിശോധന നടത്തി IRCമാനദണ്ഡപ്രകാരം ശാസ്ത്രീയമായി ഡിസൈൻ ചെയ്താണ് നിർമ്മിച്ചു വരുന്നത്. പുതുതായി നിർമ്മിക്കുന്ന ദേശീയപാതകളിൽ കൺസൾട്ടന്റ് വഴി വിശദമായ പഠനം നടത്തിയാണ് ബൈപ്പാസുകളും അലൈൻമെന്റുകളും തീരുമാനിക്കുന്നത്. കൂടാതെ റോഡപകടങ്ങൾ കുറയ്ക്കാനും റോഡ് സേഫ്റ്റിക്കും, ഗവേഷണത്തിനും, ഡിസൈനിംഗിനുമായി നാറ്റ്പാക്, റോഡ് സേഫ്റ്റി അതോറിറ്റി, കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുതലായ സ്ഥാപനങ്ങൾ മുഖേന പഠനവും നടത്തുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് അപകടസാദ്ധ്യതയുള്ള റോഡുകളുള്ള പ്രദേശങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. State Crime Records Bureau(SCRB)-ൽ നിന്നും ലഭിച്ച 2016-2018-ലെ റോഡപകട കണക്കുകളുടെ അടിസ്ഥാനത്തിൽ നടത്തിയ ശാസ്ത്രീയ പഠനത്തിൽ കേരളത്തിൽ 4430 അപകടസാധ്യതപ്രദേശങ്ങൾ നാറ്റ്പാക് കണ്ടെത്തിയിട്ടുണ്ട്. അവയിൽ നിന്നും അപകടസാധ്യത കൂടുതലുള്ള 340 High & |

| | | | |
|---|---|---|---|
| | | | Moderate risk പ്രദേശങ്ങൾ അഥവാ റോഡപകട ബ്ലാക്ക് സ്പോട്ടുകൾ 2019-ൽ നടന്ന പഠനത്തിൽ നാറ്റ്പാക് കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത പ്രദേശങ്ങളിൽ റോഡുകളുടെ വളവ് മാറ്റിയും വീതി കൂട്ടിയും റോഡപകടങ്ങൾ ഒഴിവാക്കാൻ സത്വര നടപടി സ്വീകരിക്കുമോ? | (സി) | മുൻഗണനാ പട്ടികയിലുള്ള സംസ്ഥാനപാതയിലേയും മറ്റ് പാതകളിലേയും തിരഞ്ഞെടുക്കപ്പെട്ട 75 റോഡപകട ബ്ലാക്ക് സ്പോട്ടുകളുടെ ഹ്രസ്വകാല പരിഹാര നടപടികളും ഡിസൈനുകളും അടങ്ങിയ റിപ്പോർട്ട് നാറ്റ്പാക് കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. കേരള റോഡ് സുരക്ഷാ അതോറിറ്റിയും റോഡ് സുരക്ഷാസെല്ലും ചേർന്ന് പൊതുമരാമത്ത് വകുപ്പ് വഴി മേൽപ്പറഞ്ഞ തിരുത്തൽ നടപടികൾക്കായി എസ്റ്റിമേറ്റ് എടുക്കുകയും തുടർനടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു. ദേശീയപാതകളിലെ അപകട സാധ്യതയുടെ കണക്കുകളുടെ അടിസ്ഥാനത്തിൽ NHAI പരിഹാര നടപടികൾ കൈക്കൊണ്ടുവരുന്നു. പ്രസ്തുത ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയ റോഡ് ഭാഗങ്ങളിൽ സ്ഥലലഭ്യത/ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വളവ് നിവർത്തി വീതികൂട്ടിയും, വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിനായി, വേഗത നിയന്ത്രണ ഉപാധികളായ റമ്പിൾസ് സ്ട്രിപ്പുകളും മറ്റ് റോഡ് സുരക്ഷാക്രമീകരണങ്ങളും ഏർപ്പെടുത്തി അപകടങ്ങൾ കുറയ്ക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ